# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2394** **08.05.2017 ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ ഉപകരണങ്ങളുടെ സർവ്വീസും മെയിന്റനൻസും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ജെ.മാക്സി | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | പൊതുവിദ്യാലയങ്ങൾ ഹൈടെക്കാ - ക്കുന്നതിന്റെ ഭാഗമായി നൽകി വരുന്ന കമ്പ്യൂട്ടർ , ലാപ് ടോപ്പ് , പ്രൊജക്ടർ എന്നിവയുടെ നിസ്സാര തകരാറുകൾ പോലും പരിഹരിക്കുന്നതിന് നിലവിൽ സംവിധാന മില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പൊതുവിദ്യാലയങ്ങൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായുള്ള ഐ.സി.ടി ഉപകരണങ്ങൾ, പൈലറ്റ് പദ്ധതി നടപ്പിലാക്കുന്ന ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ മാത്രമാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്.പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് അഞ്ച് വർഷത്തെ വാറന്റി ഉള്ള ഉപകരണങ്ങളാണ് ലഭ്യമാക്കുന്നത്. വാറൻറി കാലയളവിൽ ഉപകരണങ്ങൾക്ക് തകരാറുകൾ സംഭവിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ അവ പരിഹരിക്കുന്നതിനുള്ള സംവിധാനം കെൽട്രോണുമായി ചേർന്ന് ഒരുക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ തകരാർ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും പരാതി നൽകി രണ്ടു ദിവസത്തിനുള്ളിൽ അവ പരിശോധിക്കുകയും അഞ്ചു ദിവസത്തിനുള്ളിൽ തകരാർ പരിഹരിക്കുന്നതിനുമാണ് സംവിധാനം ഏർപ്പെടുത്തി യിരിക്കുന്നത്. ഏഴു ദിവസത്തിനുള്ളിൽ പരാതി പരിഹരിച്ചില്ലെങ്കിൽ തുടർന്നുള്ള ഓരോ ദിവസത്തിനും ഓരോ ഉപകരണത്തിനും 100/-രൂപ വീതം പിഴ ഈടാക്കുന്നതിനും വ്യവസ്ഥയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമെ പരിഹരിക്കാൻ കഴിയുന്ന തകരാറുകൾ പരിഹരിക്കാനായിപ്രത്യേക ഹാർഡ് വെയർ ക്ലിനിക്കുകൾ നടത്താനും പദ്ധതിയുണ്ട്. |
| ബി) | തന്മൂലം ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ പ്രയോജനരഹിതമായി മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്ന തിനായി കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം വിദ്യാഭ്യാസ വകുപ്പുതലത്തിൽ പൊതുവായി ഏർപ്പെടുത്തി ഉപകരണ ങ്ങളുടെ സർവ്വീസും മെയിന്റനൻസും നടത്തുന്നതിന് അവസരമൊരുക്കുമോ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ